## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.638** | **28.06.2011-ൽ മറുപടിക്ക്**

**റോഡ് സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി;<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി;<br>ശ്രീ. സി. മോയിൻകുട്ടി;<br>ശ്രീ. പി. കെ. ബഷീർ. | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന വാഹനാപകട നിരക്ക് കുറച്ചു കൊണ്ടു വരാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് നയരൂപീകരണം നടത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ റോഡ് സുരക്ഷാ നയത്തിന്റെ കരട് തയ്യാറാക്കുവാൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധം വളർത്തുക, റോഡുകളിലെ അപകട കാരണങ്ങൾ കണ്ടുപിടിച്ച് നിവാരണ നടപടികൾ എടുക്കുക, നിയമപാലനം ശക്തിപ്പെടുത്തുക, അപകടങ്ങളിൽപ്പെടുന്നവർക്ക് കഴിയുന്നത്രവേഗം വൈദ്യസഹായം ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നല്കുന്നത്.<br>വാഹനാപകട നിരക്ക് കുറച്ചുകൊണ്ടു വരുന്നതിന് തീവ്രമായ പരിശോധനകളും മറ്റു നടപടികളും പോലീസ് വകുപ്പ് കൈക്കൊണ്ടു വരുന്നു. സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, ആൽക്കോ മീറ്ററുകൾ എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകൾ നടത്തി അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ വാഹനമോടിക്കുന്നവരെ കണ്ടെത്തി നടപടികൾ എടുക്കുവാനും ബോധവത്കരണം നടത്തുവാനുമുള്ള കർശന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട് |
| (ബി) | ഇക്കാര്യത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയെ ഏതെല്ലാം വിധത്തിൽ ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം നല്കുക, |

| | | | |
|---|---|---|---|
| | | | റോഡപകടങ്ങൾക്ക് കാരണമാകുന്നവർക്കെതിരെ നിയമനടപടിയെടുക്കുക എന്നിവയാണ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ<br>മെച്ചപ്പെട്ട റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി റോഡ് സെയ്ഫ്റ്റി അതോറിറ്റി പോലീസ് വകുപ്പിനനുവദിച്ച മുഴുവൻ തുകയും ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, റിഫ്ളക്റ്റീവ് കോണുകൾ, ബാറ്റൺ, ജാക്കറ്റ് എന്നിവ വാങ്ങി എല്ലാ ജില്ലകളിലും വിതരണം ചെയ്യുകയും അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നു. |
| (സി) | റോഡ് സുരക്ഷ സംബന്ധിച്ച് വാഹനം ഓടിക്കുന്നവർക്കും, പൊതുജനങ്ങൾക്കും അവബോധം വളർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ദൃശ്യ - ശ്രവ്യ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവത്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു<br>ഡ്രൈവർമാർക്ക് റോഡ്സുരക്ഷ പരിശീലനം നല്കുക, സ്കൂളുകളിൽ റോഡ് സുരക്ഷാ പാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക, ഡ്രൈവർമാർ, പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പരിശീലന ക്ലാസുകളും, സെമിനാറുകളും നടത്തുക തുടങ്ങിയ പരിപാടികളും നടപ്പിലാക്കി വരുന്നു<br>റോഡ് സുരക്ഷ ബോധവത്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാനും അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ |

| | | | |
|---|---|---|---|
| | | | നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>റോഡ് സുരക്ഷ സംബന്ധിച്ച് വാഹനം ഓടിക്കുന്നവർക്കും പൊതുജനങ്ങൾക്കും അവബോധം വളർത്തുന്നതിന് പോലീസ് വകുപ്പ് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | മദ്യപിച്ചുള്ള വാഹനമോടിക്കൽ നിയന്ത്രിക്കാനും, നിയമ ലംഘകർക്ക് കടുത്ത ശിക്ഷ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള നിയമ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

റോഡ് ഉപഭോക്താക്കളിൽ ശരിയായ ട്രാഫിക് സംസ്കാരം വളർത്തുന്നതുവഴി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിയും. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കായി പ്രത്യേക ട്രാഫിക് ബോധവത്കരണ പരിപാടികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. റോഡ് സുരക്ഷാ സെമിനാറുകൾ, ചോദ്യോത്തര പരിപാടികൾ നാടകം തുടങ്ങിയവ കേരളത്തിലാകമാനം വിവിധ സ്കൂളുകളിൽ സംഘടിപ്പിച്ചു. ഹൈവെ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. അപകടങ്ങൾ കൂടിയ ഹൈവെ ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഹൈവെ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം സമിതികളിലൂടെ റോഡപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ ആസൂത്രണം ചെയ്യുക. റോഡപകടങ്ങളിൽ പെടുന്നവരെ എത്രയും പെട്ടെന്ന് ആശുപത്രികളിൽ എത്തിക്കുക, പൊതുജനങ്ങൾക്ക് ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണം നടത്തുക എന്നിവയും നടപ്പിലാക്കിവരുന്നു. ഹെൽമറ്റ്/സീറ്റ് ബെൽറ്റ് എന്നിവയുടെ പ്രചാരണം വിവിധ സർക്കാർ ഏജൻസികൾ വഴി നൽകിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ അച്ചടിച്ച ലഘുലേഖകൾ, പുസ്തകങ്ങൾ തുടങ്ങിയവ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു. വർദ്ധിച്ചുവരുന്ന സ്ത്രീ ഡ്രൈവർ/റൈഡർമാരുടെ എണ്ണം കണക്കിലെടുത്ത് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക് ബോധവത്കരണ പരിപാടികൾ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായത്തോടെ സംഘടിപ്പിച്ചുവരുന്നു. പൊതുജനങ്ങളിൽ ശരിയായ ട്രാഫിക് അവബോധം വളർത്തുന്നതിന് 3 മൊബൈൽ ട്രാഫിക് എഡ്യൂക്കേഷൻ പാർക്കുകൾ കെൽട്രോണിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുകയും ഇവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു.

********

Section Officer